ഏപ്രിൽ 21,2014

# ക്യാപ്ടനുവേണ്ടി ജഗദീഷ് ടൈറ്റ്ലറുടെപ്രതിരോധം - ചെകുത്താന്റെ വക്കാലത്ത്

അരുൺ ജെയ്റ്റ്ലി,
(പ്രതിപക്ഷ നേതാവ്, രാജ്യസഭ)

ദുഃഖസ്മരണകളുമായി 1984 എപ്പോഴും ഓർമ്മിക്കപ്പെടും. ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്നുണ്ടായ, നിരപരാധികളായ സിഖുകാരുടെ കൂട്ടക്കുരുതി ഇന്ത്യൻ ജനാധിപത്യത്തിലെ ഒരു കറുത്ത അദ്ധ്യായമായിത്തന്നെ അവശേഷിക്കും. ആയിരത്തോളം നിരപരാധികളെ കൊന്നൊടുക്കി എന്നത് ഭയാനകമായ ഒരു വസ്തുതയാണെങ്കിലും കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടില്ല എന്നത് വളരെ ഖേദകരമാണ്.

ഇതിനു പിന്നിലെ ഗൂഢാലോചന വളരെ വ്യക്തമായിരുന്നു. സംസ്ഥാനത്ത് ഒരിടത്തും കുഴപ്പക്കാർക്കെതിരെ പൊലീസ് വെടിവയ്പ് നടത്തിയിട്ടില്ലാത്തതുകൊണ്ടുതന്നെ കൊള്ളയടിക്കും കൊലപാതകത്തിനും യാതൊരു തടസ്സവുമില്ലായിരുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും എഫ്ഐആർ രജിസ്റ്റർ ചെയ്യുകയോ അതുപോലെ അറസ്റ്റ് നടത്തുകയോ ചെയ്തിട്ടില്ലായിരുന്നു. കലാപം രാഷ്ട്രീയായുധമായി അന്നത്തെ ഗവൺമെന്റ് ഉപയോഗിക്കുകയും ചെയ്തു.

കോൺഗ്രസ് ഗവൺമെന്റ് നിയമിച്ച ജസ്റ്റിസ് രംഗനാഥ് മിശ്ര കമ്മിഷന് ഗവൺമെന്റ് സ്പോൺസേർഡ് അക്രമത്തിന് മറസൃഷ്ടിക്കാൻ മാത്രമേ സാധിച്ചുള്ളൂ. ഈ ജസ്റ്റിസിനെ പെൻഷനായതിനുശേഷം കോൺഗ്രസ് പാർട്ടി നാമനിർദ്ദേശം ചെയ്ത് രാജ്യസഭയിലെ അവാർഡിന് അർഹനുമാക്കി. എന്നാൽ എൻഡിഎ ഗവൺമെന്റ് നിയമിച്ച ജസ്റ്റിസ് നാനാവതി അന്വേഷണക്കമ്മിഷനാണ് ഈ സംഭവത്തിന്റെ സത്യം പുറത്തുകൊണ്ടുവന്നത്. അതിനുശേഷമാണ് അക്രമങ്ങളുമായി ബന്ധമുള്ള അനേകം പേരെ പ്രോസിക്യൂട്ട് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചത്.

നിയമപരമായ അന്വേഷണ പ്രക്രിയകളിലൂടെയാണ് സത്യാവസ്ഥ പുറത്തുകൊണ്ടുവരേണ്ടത്. എന്തിനാണ് ക്യാപ്ടൻ അമരിന്ദർസിംഗ് ചെകുത്താന്റെ വക്കാലത്ത് നേടുകയും ജഗദീഷ് ടൈറ്റ്ലറെക്കുറിച്ച് നല്ല അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തത്? അക്രമത്തിൽ പങ്കെടുത്ത വ്യക്തിയെ പിൻതാങ്ങുകയാണോ ഇതിലൂടെ അദ്ദേഹം ചെയ്തത്?

**മറ്റൊരു തെറ്റായ പ്രസ്താവന**

ഭോപ്പാൽ ഗ്യാസ് ദുരന്തത്തിൽ ഡവ് ജോൺസിനുവേണ്ടി ഞാൻ കോടതിയിൽ ഹാജരായതിനെ ക്യാപ്ടൻ വിമർശിച്ചിരുന്നു. യൂണിയൻ കാർബൈഡുമായോ ഭോപ്പാൽ ഗ്യാസ് ദുരന്തമായോ ഡവ്ജോൺസിന് യാതൊരു ബന്ധവുമില്ല. അത് അമേരിക്കയിലെ പ്രധാനപ്പെട്ട ഒരു ധനകാര്യസ്ഥാപനം മാത്രമാണ്. വാൾ സ്ട്രീറ്റ് ജേർണലിന്റെ ഉടമസ്ഥാവകാശം ഡവ് ജോൺസിനാണ്. ഭോപ്പാൽ ഗ്യാസ് ദുരന്തത്തിനിരയായവർക്കെതിരെ കോടതിയിൽ ഹാജരായത് അഭിഷേക് മനുസിംഗ്വിയാണ്. ഇദ്ദേഹം ക്യാപ്ടൻ അമരീന്ദർസിംഗിന്റെ രാഷ്ട്രീയപ്പാർട്ടിയുടെ പ്രധാന വക്താവാണ്. എന്റെ തൊഴിലുമായി ബന്ധപ്പെട്ട് ധാരാളം കക്ഷികൾ എന്നോട് ഉപദേശം തേടാറുണ്ട്. ഒരു വക്കീൽ എന്ന നിലയ്ക്ക് ഭോപ്പാൽ ദുരന്തവുമായി ബന്ധമില്ലാത്ത വ്യക്തികളോ, കമ്പനിയോ എന്റെ ഉപദേശം തേടിയാൽ അതു നൽകുക എന്നുള്ളത് എന്റെ ഔദ്യോഗിക കർത്തവ്യത്തിന്റെ ഭാഗമാണ്. അതുതന്നെയാണ് ഞാൻ ചെയ്തതും.

**കരുതലില്ലാത്ത ഇന്ത്യയുടെ പ്രതിരോധം**

തെരഞ്ഞെടുപ്പു പ്രചാരണം മുന്നേറുന്നതിനനുസരിച്ച് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന മുൻ പട്ടാള ഉദ്യോഗസ്ഥരെ കണ്ടുമുട്ടാൻ എനിക്ക് കഴിഞ്ഞു. പലപ്പോഴും പ്രതിസന്ധികളിൽ ഇന്ത്യയെ സേവിച്ചിട്ടുള്ള അവർ രാജ്യസ്നേഹികളും ചിന്താശേഷിയുമുള്ള പൗരന്മാരാണ്. ഇവരുടെ ദീർഘകാലാഭിലാഷമായ 'വൺ റാങ്ക് ഒൺ പെൻഷൻ'എന്നതിൽ ഉത്കണ്ഠാകുലരുമാണ് ഇവർ.

ബിജെപിയാണ് തങ്ങളുടെ തെരഞ്ഞെടുപ്പു പത്രികയിൽ 'ഒരു റാങ്ക് ഒരു പെൻഷൻ' എന്ന പദ്ധതി ഉൾപ്പെടുത്തിയത്. ആയതിനാൽ ഇത് നടപ്പിലാക്കുക എന്ന ചുമതല ഞങ്ങളുടേതാണ്. ഈ പ്രശ്നത്തിൽ കോൺഗ്രസ് മുൻ പട്ടാള ഉദ്യോഗസ്ഥരെ തുടർച്ചയായി പരിഹസിക്കുകയാണ്. കുറച്ചു വർഷം മുമ്പ് തന്റെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി ഈ ആവശ്യം അംഗീകരിച്ചതായി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഇതു ലഭിച്ചത് താഴെക്കിടയിലുള്ള വിഭാഗത്തിനു മാത്രമായിരുന്നു. അല്ലാതെ എല്ലാവർക്കും ബാധകമായിട്ടല്ലായിരുന്നു. ഈ വർഷവും ധനകാര്യമന്ത്രി തന്റെ ബജറ്റ് പ്രസംഗത്തിൽ ഈ ആവശ്യം അംഗീകരിച്ചതായി പറയുന്നുണ്ട്. ഇതിലൂടെ വീണ്ടും ഈ ഉദ്യോഗസ്ഥർ പരിഹാസപാത്രമായി തീർന്നിരിക്കുകയാണ്. എന്നാൽ ഇത് അംഗീകരിക്കപ്പെട്ടതായി ഗവൺമെന്റിൽ നിന്ന് ഇതുവരെ ഒരു വിജ്ഞാപനവും ലഭിച്ചിട്ടുമില്ല.

ഇതുപോലെ ഉത്ക്കണ്ഠയുളവാക്കുന്ന തരത്തിലുള്ളതാണ് ഇന്ത്യയുടെ പ്രതിരോധ തയ്യാറെടുപ്പ്. നമ്മുടെ പ്രതിരോധ ശേഖരം വളരെ പ്രതികൂലമായ അവസ്ഥയിലാണ്. തീരുമാനങ്ങൾ എടുക്കുന്നതിൽ രാജ്യരക്ഷാമന്ത്രി എ.കെ. ആന്റണിയുടെ പരാജയമാണ് ഇതിനുള്ള പ്രധാന കാരണം. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ തന്ത്രങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു. പാകിസ്ഥാൻചൈന പട്ടാള അച്ചുതണ്ട് നിലവിൽ വന്നുകഴിഞ്ഞു. ചൈനയുടെ പിടിവാശി, അതിർത്തിബന്ധങ്ങളിൽ പാകിസ്ഥാനുമായുള്ള പ്രവചനാതീതമായ ബന്ധം തുടങ്ങിയവ ഇന്ത്യയുടെ അതിർത്തി സംരക്ഷണത്തിന്റെ തീവ്രത കൂട്ടിയിട്ടുണ്ട്. പ്രതിരോധ ഉപകരണങ്ങളുടെ ആധുനികവൽക്കരണം വളരെ പിന്നാക്കാവസ്ഥയിലാണ്. കാലഹരണപ്പെട്ട സാങ്കേതികവിദ്യയ്ക്കു പകരം ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞു. പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ പട്ടാള മേൽക്കോയ്മയുടെ അന്തരം കുറഞ്ഞിട്ടുണ്ട്. 15000 കിലോമീറ്ററോളം അന്തർദ്ദേശീയ അതിർത്തിയുള്ള ഒരു രാജ്യത്തിനും ഇതുപോലുള്ള കാലഹരണപ്പെട്ട സാങ്കേതികവിദ്യയുമായി മുന്നോട്ടു പോകാൻ കഴിയില്ല. ഇന്ത്യയുടെ അന്തർവാഹിനി കപ്പലുകളിലുണ്ടായ ദുരന്തം, നമ്മുടെ നേവിയുടെ കാലഹരണപ്പെട്ട വൈദഗ്ദ്ധ്യത്തിന് ഉദാഹരണങ്ങളാണ്. ഇന്ത്യയുമായുള്ള ചൈനയുടെ അതിർത്തിപ്രദേശങ്ങളിൽ ചൈന പ്രതിരോധശക്തി വർദ്ധിപ്പിക്കുമ്പോൾ ഇന്ത്യ സ്വന്തം അതിർത്തിപ്രദേശങ്ങളെ പാടെ അവഗണിക്കുകയാണ്.

'രാജ്യം പ്രഥമമെന്നുകരുതുന്ന പാർട്ടി' എന്ന നിലയ്ക്ക് ഇന്ത്യയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള തയ്യാറെടുപ്പിന് ബിജെപി പ്രതിജ്ഞാബദ്ധമാണ്.